DESPATCHED
On 04/01/22.

6/12/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1039(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8703/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ഈപ്പൻ തോമസ്,<br>ക്രെസ്റ്റിൽ, തിയോടിക്കൽ പി.ഒ.,<br>തിരുവല്ല, പത്തനംതിട്ട-689 613 | അപ്പീൽ ഹർജിക്കാരൻ |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പോലീസ് ഇൻസ്പെക്ടർ,<br>പെരുനാട് പോലീസ് സ്റ്റേഷൻ,<br>പെരുനാട്, പത്തനംതിട്ട<br>2. അപ്പീൽ അധികാരി,<br>റാന്നി പോലീസ് സ്റ്റേഷൻ,<br>പത്തനംതിട്ട-689711 | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.04.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07.05.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.08.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06.08.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 13.09.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.09.2021 |
| ഹിയറിംഗ് തീയതി | 10.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഈപ്പൻ തോമസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടി അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുളള ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 08.04.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ശ്രീ. റോയി കോരുത്, കാരമൂട്ടിൽ ഹൗസ്, കൂനംകര എന്നയാൾക്കെതിരെ 15.07.2019 ൽ ടിയാൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് അധികാരികളുടെ സാന്നിധ്യത്തിൽ തയ്യാറാക്കിയ അനുരജ്ഞനക്കുറിപ്പ് സംബന്ധിച്ച ഹർജി രജിസ്റ്ററിന്റെ പ്രസക്തമായ പേജിന്റെ വ്യക്തമായ പകർപ്പ് നൽകണമെന്നും, ഹർജികക്ഷി നൽകിയ പരാതിയുടെ പകർപ്പ് നൽകണമെന്നുമാണ്. ആയതിന് ഒന്നാം എതിർകക്ഷി 26.04.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, സ്റ്റേഷൻ രേഖകൾ പരിശോധിച്ചതിൽ വിവരാവകാശ നിയമം 2005 പ്രകാരം ഹർജികക്ഷി ആവശ്യപ്പെട്ട പരാതി ടി ആഫീസിൽ ലഭ്യമായില്ലെന്നാണ്. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കിയതായി കാണുന്നില്ല.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഹർജികക്ഷി ആവശ്യപ്പെട്ട പരാതി ടി ആഫീസിൽ ലഭ്യമായില്ലെന്ന വിവരം ടിയാനെ അറിയിച്ചിരുന്നുവെന്നും ആയതിൻമേൽ എസ്.പി.ഐ.ഒ. യുടെ പേരും പദവിയും ചേർക്കാൻ വിട്ടുപോയതാണെന്നും എന്നാൽ അപ്പീൽ

അപേക്ഷയിന്മേൽ നൽകിയ മറുപടിയിന്മേൽ എസ്.പി.ഐ.ഒ. യുടെ പേരും പദവിയും അപ്പീൽ അധികാരിയുടെ പേരും പദവിയും രേഖപ്പെടുത്തിയിരുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും ടിയാൻ ആവശ്യപ്പെട്ട രേഖകൾ/പകർപ്പുകൾ നൽകിയിട്ടുള്ളതായി കാണുന്നില്ല. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു. 10.12.2021 ൽ തിരുവല്ല PWD റസ്റ്റ് ഹൗസിൽ വച്ചു നടത്തിയ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടിയാൻ സ്റ്റേഷനിൽ നൽകിയ പരാതിയുടെ പകർപ്പും മറ്റും നൽകിയിട്ടുള്ളതായി ഒന്നാം എതിർകക്ഷി മൊഴിയിൽ പറഞ്ഞു. എന്നാൽ സ്റ്റേഷനിൽ പരാതിക്കാരനും പരാതിയിലെ എതിർകക്ഷിയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഒപ്പിട്ട രേഖയുടെ പകർപ്പ് ലഭ്യമായിട്ടില്ല എന്ന് ഹർജിക്കാരൻ മൊഴി നൽകി. ആയത് ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ലഭ്യമാക്കാൻ ഒരിക്കൽ കൂടി പരിശ്രമം നടത്തണമെന്ന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp

RIGHT TO
INFORMATION